# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1309 — 13.12.2012 ൽ - മറുപടിക്ക്

## റേഷൻ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എ. അസീസ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകൾ വഴി നൽകുന്ന അരിക്ക് സബ്സിഡി നിറുത്തലാക്കി പകരം സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി നൽകാൻ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | എ.പി.എൽ. കാർഡ് ഉടമകൾക്ക് നൽകുന്ന അരിയുടെ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി നേരിട്ട് നൽകുവാനും ബി.പി.എൽ. കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിലുളള അരി നൽകുന്നതിന് സ്മാർട്ട്കാർഡ് സംവിധാനം കൊണ്ടുവരുന്നതിനും വേണ്ട നടപടികൾ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. |
| (ബി) | ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതി പ്രകാരം എ.പി.എൽ. കുടുംബാംഗങ്ങളുടെ റേഷനരിയുടെ സബ്സിഡി തുക നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാനാണ് തീരുമാനിച്ചിട്ടുളളത്. പ്രാരംഭനടപടിയായി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വിവരം ശേഖരിക്കുന്നതിനും അക്കൗണ്ട് ഇല്ലാത്തവർക്ക് പുതിയതായി അക്കൗണ്ട് തുടങ്ങുന്നതിനും വേണ്ടിയുളള പ്രൊഫോർമയുടെ പകർപ്പുകൾ അച്ചടിച്ച് ലഭ്യമാക്കാൻ അടിയന്തിര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യ പൊതു വിതരണ വകുപ്പ് - ബി.പി.എൽ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിലുള്ള അരി നൽകുന്നതിന് സ്മാർട്ട് കാർഡ് സംവിധാനം കൊണ്ടുവരുന്നതിനും എ.പി.എൽ. കാർഡുടമകൾക്ക് സബ്സിഡി നിരക്കിലുള്ള അരിവില ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുന്നതിനുമുള്ള നടപടി ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്

സ.ഉ(എം.എസ്)നം.32/12/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി,17.11.12

==========================================================================

## ഉത്തരവ്

എ.പി.എൽ. കാർഡ് ഉടമകൾക്ക്, നൽകുന്ന അരിയുടെ സബ്സിഡി, അരി വില കുറച്ച് നൽകുന്നതിനു പകരം അവരവരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുവാനുള്ള സംവിധാനം ഉടനടി ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

കൂടാതെ, രാഷ്ട്രീയ സ്വസ്ഥ്യ ഭീമാ യോജന (ആർ.എസ്.ബി.വൈ) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകുന്ന സ്മാർട്ട് കാർഡ് ഉപയോഗിച്ച് ബി.പിഎൽ. കുടുംബങ്ങൾക്ക് സ്ബസിഡി നിരക്കിലുള്ള അരി നൽകുവാനുള്ള ഒരു automated computerized സംവിധാനം ഐ.ടി. വകുപ്പിന്റെയും, ധനകാര്യ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുവാൻ തീരുമാനിച്ചുകൊണ്ടും ഉത്തരവാകുന്നു. ഇതിനാവശ്യമായ സ്മാർട്ട് കാർഡ് റീഡറുകൾ എല്ലാ എ.ആർ.ഡി.കളിലും ലഭ്യമാക്കേണ്ടതിനും അതുവഴിയുള്ള ഡാറ്റ കമ്പ്യൂട്ടർ വഴി ശേഖരിച്ച് വിശകലനം ചെയ്യേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**അനിൽ. എക്സ്**
സെക്രട്ടറി

1. സിവിൽ സപ്ലൈസ് കമ്മീഷണർ
2. സിവിൽ സപ്ലൈസ് ഡയറക്ടർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്
5. പൊതുഭരണ (എസ്.സി) വകുപ്പ്
6. ഐ.ടി. വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.